**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3090** **13-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ വികസന നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ശ്രീകാര്യം മേൽപ്പാലം നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രോജക്ട് പൂർത്തീകരിക്കുന്നതിനാവശ്യമായ കാലാവധി അറിയിക്കാമോ; പ്രസ്തുത പ്രോജക്ടിന്റെ നിർമ്മാണ ഏജൻസി ആർക്കായിരിക്കുമെന്ന് അറിയിക്കാമോ; | (എ) | ശ്രീകാര്യം മേൽപ്പാല നിർമ്മാണത്തിന് ആവശ്യമായ സ്ഥലമെടുപ്പ് 80% പൂർത്തിയായിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലത്ത് നിന്നും കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് ഏകദേശം 18 മാസങ്ങൾ കൊണ്ട് മേൽപ്പാലം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിർമ്മാണ ഏജൻസിയെ തീരുമാനിച്ചിട്ടില്ല. സ്ഥലമെടുപ്പ് പൂർത്തിയായ ശേഷം ടെൻഡർ നടപടികളിലൂടെ നിർമ്മാണ ഏജൻസിയെ തീരുമാനിക്കുന്നതാണ്. |
| (ബി) | പേട്ട- ആനയറ- ഒരുവാതിൽ കോട്ട റോഡ് വികസന നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്നും അറിയിക്കാമോ; | (ബി) | പേട്ട- ആനയറ- ഒരുവാതിൽക്കോട്ട റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് നഷ്ടപരിഹാര തുക നൽകി വരുന്നു. ആയത് പൂർത്തിയാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കാനാകും. 18 മാസ നിർമ്മാണ കാലാവധി നൽകി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |
| (സി) | മണ്ണന്തല - പൗഡിക്കോണം - ശ്രീകാര്യം റോഡ് വികസന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ; | (സി) | മണ്ണന്തല-പൗഡിക്കോണം-ശ്രീകാര്യം റോഡിന്റെ റീച്ച് 1 ആയ മണ്ണന്തല മുതൽ പൗഡിക്കോണം വരെയുള്ള റോഡിൽ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട സ്ട്രക്ചറൽ വാല്യൂവേഷൻ പുരോഗമിക്കുന്നു. റീച്ച് 2 ആയ സൊസൈറ്റി ജംഗ്ഷൻ മുതൽ ശ്രീകാര്യം വരെയുള്ള റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾക്കുള്ള അതിർത്തി |

| | | | |
|---|---|---|---|
| | | | കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| (ഡി) | ആറ്റിപ്ര പാലം നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ; | (ഡി) | ആറ്റിപ്ര പാലം പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിക്കുകയാണ്. പാലം നിർമ്മാണത്തിന് 8(എട്ട്) കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാനാവുന്നതാണ്. |
| (ഇ) | കഴക്കൂട്ടം മേൽപ്പാലം നിർമ്മാണം എപ്പോൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | (ഇ) | കഴക്കൂട്ടം മേൽപ്പാലം നിർമ്മാണം ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ നേരിട്ടാണ് നടത്തുന്നത്. ഈ പ്രവൃത്തി 2022 ആഗസ്റ്റ് മാസത്തോടുകൂടി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായി ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. |
| (എഫ്) | കഴക്കൂട്ടം മേൽപ്പാലം രണ്ടാം ഘട്ടമായി നിർമ്മിക്കുന്ന മൂന്ന് ലൈറ്റ് വെഹിക്കുലാർ അണ്ടർപാസ്സുകളുടെ (എൽ. വി. യു. പി.) നിർമ്മാണം സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയും കരാറുകാരനും ആരാണെന്ന് അറിയിക്കാമോ; പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എഫ്) | ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുടെ പ്രൊപ്പോസൽ പ്രകാരം ടെക്നോപാർക്ക് ഫേസ് 3 കാമ്പസിനു മുമ്പിൽ രണ്ട് ലൈറ്റ് വെഹിക്കുലാർ അണ്ടർപാസുകൾ (LVUPs) കി.മീ 1.800 കി.മീ 2.047 ലൊക്കേഷനുകളിൽ ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നിർമ്മിക്കുന്നതിന് 26.88 കോടി രൂപയുടെ ഭരണാനുമതി 20.07.2021ലെ സ.ഉ(സാധാ) നം. 655/2021/പൊമവ പ്രകാരം സംസ്ഥാന സർക്കാർ നല്കിയിരുന്നു. 10.02.2022ൽ ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ പ്രസ്തുത പ്രൊപ്പോസൽ പുതുക്കി 3 ലൈറ്റ് വെഹിക്കുലാർ അണ്ടർപാസുകൾ (LVUPs) കി.മീ 549+860(ആറ്റിൻകുഴി ജംഗ്ഷൻ), കി.മീ 550+111(ടെക്നോപാർക്ക് ഫേസ് III), കി.മീ 550+330 (മുക്കോലയ്ക്കൽ ജംഗ്ഷൻ) നിർമ്മിക്കുന്നതിനുള്ള 35,68,04,538/- രൂപയുടെ പ്രൊപ്പോസൽ വീണ്ടും സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രൊപ്പോസൽ PRICE Software പ്രകാരം സമർപ്പിച്ചപ്പോഴുള്ള തുകയായ 31.93 കോടി രൂപയുടെ ഭരണാനുമതിയാണ് ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ നൽകിയത്. ഈ തുകയ്ക്ക് നിലവിലെ കരാർ കമ്പനി M/s RDS-CVCC(JV) പ്രവൃത്തി ചെയ്യാൻ തയ്യാറാകാത്തതിനാൽ ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ Open Tender നടത്തി പ്രവൃത്തി Award ചെയ്യാനുദ്ദേശിക്കുന്നതായി അറിയിച്ചിട്ടുണ്ട്. Open Tender–ൽ ഉണ്ടാകുന്ന തുകയും ഭരണാനുമതിയിലെ തുകയും തമ്മിലുള്ള വ്യത്യാസം 31.93 കോടിയിൽ അധികമായി |

| | | | |
|---|---|---|---|
| | | | വന്നാൽ സംസ്ഥാന സർക്കാർ നൽകേണ്ടതാണ് എന്ന് ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. |
| (ജി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കഴക്കൂട്ടം മണ്ഡലത്തിൽ അനുവദിച്ച നബാർഡ് പ്രോജക്ടുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് മാതൃകാ റോഡുകളാക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ഈ സർക്കാരിന്റെ ആലോചനയിലുണ്ടോയെന്ന് വിശദമാക്കാമോ ? | (ജി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കഴക്കൂട്ടം മണ്ഡലത്തിൽ അനുവദിച്ച നബാർഡ് പ്രോജക്ടുകൾ ഒന്നുംതന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ